# കഴിഞ്ഞമാസത്തെ സംസാരവിഷയം

1. യൂറോപ്യൻ യൂണിയൻ രാജ്യങ്ങളുടെ പൊതുകറൻസിയായ യൂറോ നിലവിൽവന്നത് വാണിജ്യവൃത്തങ്ങളിൽ ചർച്ചാവിഷയമായി.
2. ടാറ്റയുടെ ചെറുകാറായ **ഇൻഡിക്ക** വിപണിയിലെത്തിയതും അതോടെ മാരുതി വാഹനങ്ങളുടെ വില കുത്തനെ കുറച്ചതും വാഹനപ്രിയരുടെ വ്യവസായവൃത്തങ്ങളിലെയും ചർച്ചയായി.
3. **ആഭരണം സ്ത്രീധനമല്ലെന്ന** പിണറായി വിജയന്റെ പ്രസ്താവന സാധാരണ കേരളീയന്റെ സംസാരവിഷയമായി.
4. **ഭാഗ്യക്കുറികൾ** നിരോധിക്കാനുള്ള കേന്ദ്രതീരുമാനത്തിന് അനുകൂലമായും പ്രതികൂലമായും വാദമുഖങ്ങൾ നിരന്നുകൊണ്ടിരിക്കുന്നു.
5. പന്ത്രണ്ടുവർഷത്തിനുശേഷം ഇന്ത്യയിൽ കളിക്കാനെത്തുന്ന **പാക്കിസ്ഥാൻ ക്രിക്കറ്റ്** ടീമിനെ കളിക്കാനനുവദിക്കില്ലെന്ന ശിവസേനയുടെ തീരുമാനവും ശിവസേനക്കാർ ദില്ലിയിൽ പിച്ച് കുത്തിക്കീറിയതും അവസാനം അദ്വാനി പറന്നുചെന്ന് ബാൽതാക്കറെയുടെ കാലിൽവീണതും താക്കറെ ഒരു വർഷത്തേക്ക് ക്രിക്കറ്റ് ഉപരോധം പിൻവലിച്ചതും ഒക്കെ കൂടിയായപ്പോൾ ക്രിക്കറ്റായിരുന്നു കഴിഞ്ഞമാസത്തെ കളിയും കാര്യവും.
6. ഇവിടെ നടക്കുന്ന കാര്യങ്ങളൊന്നും തനിക്കിഷ്ടപ്പെടുന്നില്ലെന്ന് **ശബരിമല അയ്യപ്പൻ** ബോധ്യപ്പെടുത്തിയപ്പോൾ, അമ്പതിൽ ചില്വാനം പേരെ ഒന്നിച്ചു കൊന്നുകാട്ടിയ 'സംഭവം' പത്രങ്ങൾ നന്നായി ആഘോഷിച്ചു.
7. 'കൊടുത്തിട്ടും കൊടുത്തിട്ടും തീരുന്നില്ലല്ലോ ഈ **പൾസ് പോളിയോ**' എന്നായിരുന്നു യുവതികളായ അമ്മമാരുടെ പയ്യാരം.
8. **കായംകുളം** പദ്ധതി ഉദ്ഘാടനം ചെയ്യാൻ പ്രധാനമന്ത്രി തന്നെ വന്നെങ്കിലും കുളത്തിൽ കായം കലക്കിയപോലെയായിപ്പോയി - അതൊരു സംസാരവിഷയമായില്ല.
9. വിശ്വഹിന്ദുപരിഷത്തും ശിവസേനയും ബജ്‌രംഗ്ദളും രൺവീർസേനയുമൊക്കെ ജനുവരിയിലെ മൂഡ് നിലനിർത്തുന്നപക്ഷം **'ഇന്നലത്തെ കൊലപാതകങ്ങൾ'** എന്നൊരു പുതിയ പംക്തി തുടങ്ങിയാലോ എന്നാണ് പത്രാധിപന്മാരുടെ സംസാരവിഷയം.
10. മതപരിവർത്തനം ഒരു ദേശീയ ചർച്ചാവിഷയമാക്കണമെന്ന വാജ്പേയിയുടെ ആഹ്വാനമാണ് പ്രതിപക്ഷത്തിന്റെ ചർച്ചാവിഷയം.
11. തിരുപ്പതിയിൽ ദർശനം നടത്തിയ **സോണിയാഗാന്ധി** തങ്ങൾക്ക് പാരയാകുമോ എന്നതാണ് ബി.ജെ.പി.യിലെ സംസാരവിഷയം.
12. ഡി.പി.ഇ.പി. മൂലം അടുത്തകൊല്ലം സ്കൂളിൽ ഡിവിഷൻ കുറഞ്ഞ് തങ്ങൾക്ക് കുടുംബത്ത് കുത്തിയിരിക്കേണ്ടിവരുമോ എന്നാണ് പ്രൈവറ്റ് സ്കൂൾ അധ്യാപകരുടെ ചർച്ചാവിഷയം.
13. രാജ്യത്ത് അക്രമം പടരുമ്പോൾ അതിനെതിരെ നടപടികളെടുക്കുന്നതോ അതോ ഒരു ദിവസം **ഉപവാസമെടുക്കുന്നതോ** ഫലപ്രദം എന്നാണത്രെ ഇപ്പോൾ വിദേശ രാഷ്ട്രത്തലവന്മാരുടെ ചർച്ചാവിഷയം.